റിപ്പോർട്ട് ● നൗഫൽ

# മലയാള മാധ്യമങ്ങളെ വിചാരണ ചെയ്ത
# ദൽഹി സെമിനാർ



*കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു*

**ന്യൂദൽഹി:** കോടതിയെ മറികടന്ന് കുറ്റ വിചാരണ നടത്തുന്ന മാധ്യമങ്ങളെ നിശിതമായി വിചാരണ ചെയ്യുന്നതായിരുന്നു ഡയലോഗ് സെന്റർ കേരളയുടെ ദൽഹി ചാപ്റ്ററിന്റെ ബാനറിൽ ന്യൂദൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ ദൽഹി മലയാളി ഹൽഖ സംഘടിപ്പിച്ച സെമിനാർ. മലയാള മാധ്യമങ്ങളെക്കുറിച്ച് ഇതാദ്യമായാണ് ദൽഹിയിൽ ഇത്തരമൊരു സെമിനാർ സംഘടിപ്പിക്കുന്നത്.

'മാധ്യമങ്ങളും മനുഷ്യാവകാശങ്ങളും: പ്രവണതകൾ, വെല്ലുവിളികൾ' എന്ന തലക്കെട്ടിൽ സംഘടിപ്പിച്ച സെമിനാർ കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മാധ്യമങ്ങൾ വിചാരണ നടത്തി ശിക്ഷ നടപ്പാക്കരുതെന്നും ആ ചുമതല കോടതികൾക്ക് നൽകണമെന്നും മുല്ലപ്പള്ളി അഭിപ്രായപ്പെട്ടു.

മാധ്യമങ്ങൾ കുറ്റവിചാരണ നടത്തുന്ന രീതി നമ്മുടെ നാട്ടിൽ വർധിച്ചുവരികയാണ്. ഇരകൾക്ക് പറയാനുള്ളത് കേൾക്കാതെ അവരെ പ്രതികളാക്കുന്ന വിധത്തിലാണ് പലപ്പോഴും മാധ്യമങ്ങൾ നടത്തുന്ന കുറ്റവിചാരണ. ഇരകളുടെ അവകാശവും സ്വാതന്ത്ര്യവും ഹനിച്ച് വിചാരണ നടത്തി ശിക്ഷ വിധിക്കേണ്ടത് മാധ്യമങ്ങളല്ല. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്ന സന്ദർഭങ്ങളിൽ ഇരയുടെ പക്ഷത്ത് നിൽക്കുന്ന മനഃസാക്ഷിയാണ് മാധ്യമ സമൂഹത്തിന് ഉണ്ടാകേണ്ടത് - മുല്ലപ്പള്ളി പറഞ്ഞു. പരിഷ്കൃത സമൂഹത്തിന്റെ അടയാളമാണ് മനുഷ്യാവകാശ സരക്ഷണം. അന്തസോടെ ജീവിക്കുന്നവന്റെ അവകാശം കാത്തുസൂക്ഷിക്കുന്നതാണ് മനുഷ്യാവകാശം. പാർശ്വവൽക്കരിക്കപ്പെട്ടു കഴിയുന്നവർക്കും അന്തസോടെ ജീവിക്കാൻ അവകാശമുണ്ട്. അതു നഷ്ടപ്പെടുന്നത് തീവ്രവാദ പ്രവർത്തനത്തിലേക്ക് വരെ കാര്യങ്ങൾ കൊണ്ടെത്തിക്കാൻ കാരണമാകും - അദ്ദേഹം പറഞ്ഞു.

തീവ്രവാദത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങളും തീവ്രവാദത്തിന് ഇരയാവുന്നവരുടെ കാര്യവും ഒരുപോലെ കാണാൻ മാധ്യമങ്ങൾക്ക് കഴിയണം. താരത്തിന്റെ മനുഷ്യാവകാശത്തിന് വില കൽപിക്കുകയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുകയാണ് നിർഭാഗ്യവശാൽ ഇന്ന് മാധ്യമ സമൂഹം. ജനങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന ഏറ്റവും മൂർച്ചയുള്ള ഉപാധി എന്ന നിലയിൽ മാധ്യമ സമൂഹം ജനപക്ഷത്താകണം. സങ്കുചിത താൽപര്യങ്ങൾക്ക് അവിടെ സ്ഥാനമില്ലെന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു.

മാധ്യമങ്ങൾ മനുഷ്യാവകാശ വിരുദ്ധമായും വ്യാപാര വികസന താൽപര്യങ്ങൾക്ക് അനുകൂലമായും പ്രവർത്തിക്കുന്നുണ്ടെന്ന് സെമിനാർ നിയന്ത്രിച്ച *ഫ്രണ്ട്‌ലൈൻ* ഡെപ്യൂട്ടി എഡിറ്റർ വെങ്കിടേഷ് രാമകൃഷ്ണൻ പറഞ്ഞു. ഔദ്യോഗിക വാർത്താ ഉറവിടങ്ങളെ മാത്രം ആശ്രയിക്കുന്ന മാധ്യമ പ്രവർത്തകർക്ക് സ്വകാര്യ വാർത്താ ഉറവിടങ്ങൾ ഇല്ലാതായത് കൊണ്ടാണ് ഔദ്യോഗിക ഭാഷ്യത്തിനപ്പുറത്തുള്ള വസ്തുതകൾ വെളിച്ചത്ത് വരാത്തതെന്ന് എം.ഡി നാലപ്പാട്ട് പറഞ്ഞു. താൻ പ്രവർത്തിച്ച മലയാള പത്രത്തിൽ ആ സമയത്ത് പോലും 99 ശതമാനം ലേഖകർക്കും ഔദ്യോഗിക വാർത്താ ഉറവിടമാണുണ്ടായിരുന്നത്.

ശ്രീരാമസേനയുടെ വാദമുഖങ്ങളാണ് 'ലൗ ജിഹാദ്' വിവാദത്തിലൂടെ കേരളത്തിലെ മാധ്യമങ്ങൾ ഏറ്റെടുത്തതെന്ന് ജവഹർലാൽ നെഹ്റു സർവകലാശാലയിലെ പ്രഫ. എ.കെ രാമകൃഷ്ണൻ കുറ്റപ്പെടുത്തി. ഏതെങ്കിലും ഒരു കാമ്പസിൽ ഒരു മുസ്‌ലിം ചെറുപ്പക്കാരൻ ഹിന്ദു പെൺകുട്ടിയോട് സംസാരിച്ചാൽ കൈകാര്യം ചെയ്യപ്പെടുന്ന സാഹചര്യമാണ് ഈ വ്യാജവാർത്ത സൃഷ്ടിച്ചതെന്ന് രാമകൃഷ്ണൻ പറഞ്ഞു. ഭരണകൂടങ്ങളെ നിയന്ത്രിക്കുന്ന ഫസ്റ്റ് എസ്റ്റേറ്റാണ് മാധ്യമങ്ങളിപ്പോഴെന്ന് പ്രഫ. കെ.എ സിദ്ദീഖ് ഹസൻ അഭിപ്രായപ്പെട്ടു. പോലിസിന്റെ വ്യാജ ഭാഷ്യം കൊടുത്ത മാധ്യമങ്ങൾക്ക് ഇശ്റത്ത് ജഹാൻ കേസിൽ അത് മാറ്റിപ്പറയേണ്ടി വന്നു. ബട്‌ല ഹൗസ് സംഭവത്തിലും സൂഫിയക്കെതിരായ കുറ്റാരോപണത്തിലും മറുഭാഗം കൊടുക്കാനുള്ള മനസ് മാധ്യമങ്ങൾക്കുണ്ടായില്ല. മാധ്യമ കോർപ്പറേറ്റുകളുടെ എണ്ണം അമ്പതിൽ നിന്ന് അഞ്ചായി ചുരുങ്ങിയത് അപകടകരമായ സാഹചര്യം സൃഷ്ടിച്ചിരിക്കുയാണെന്ന് ഉപസംഹാര പ്രസംഗം നടത്തിയ *മാധ്യമം* അസോസിയേറ്റ് എഡിറ്റർ ഡോ. യാസീൻ അശ്റഫ് പറഞ്ഞു. ഇത് മൂലം മാധ്യമങ്ങളിലെ ബഹുസ്വരത നഷ്ടപ്പെട്ട് വാർത്തകളെല്ലാം ഏകമാനത്തിലായിരിക്കുകയാണ്. ജാതി വ്യവസ്ഥയാണ് ഇന്ത്യയിലെ മനുഷ്യാവകാശ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കിയതെന്ന് പ്രഫ. ടി.കെ ഉമ്മൻ അഭിപ്രായപ്പെട്ടു.

സെമിനാറിനെത്തിയ പ്രഭാഷകർക്കും പ്രതിനിധികൾക്കും *പ്രബോധനം* അറുപതാം വാർഷിക പതിപ്പ് ഉപഹാരമായി സമ്മാനിച്ചു. ദൽഹി മലയാളി ഹൽഖ പി.ആർ സെക്രട്ടറിയും പ്രോഗ്രാം കൺവീനറുമായ എം.സി.എ നാസർ സ്വാഗതവും പ്രസിഡന്റ് പി.കെ നൗഫൽ നന്ദിയും പറഞ്ഞു. ■